



# ആരവം

## ഡിജിറ്റൽ മാഗസ്സിൻ

## GHSS VARAVOOR





# ഉള്ളടക്കം

സന്ദേശം-3

അമ്മേ ജനനീ-4

കലയുടെ മാഹാത്മ്യം-4

ഞാൻ നടന്ന വഴികൾ-5

നവ കേരളം-6

THE SOWER-7

കഥകൾ ഓർമ്മകളായി മാറുന്നു-8

വേട്ടക്കാരന്റെ ശിവഭക്തി-8

കഥകളി-9

പേമഴ-10

കുഞ്ഞാറ്റ കിളി-11

ഇന്റർനെറ്റിന്റെ ചരിത്രം-12

WIFI-12

കടങ്കഥകൾ-13

സൽപ്പേര്-14

സൗഹൃദം-15

NELLY FURTADO-15

സ്കൂളിലെ ദൃശ്യങ്ങൾ-16

ലിറ്റിൽകൈറ്റ്സ് ടീം-19





## സന്ദേശം

നമ്മുടെ സ്ക്കൂളിലെ ലിറ്റിൽ  കൈറ്റ്സ് കുട്ടികൾ ഒരു ഡിജിറ്റൽ മാഗസ്സിൻ നിർമ്മിച്ചു കണ്ടതിൽ അതിയായി സന്തോഷിക്കുന്നു. ഈ മാഗസ്സിനിൽ പങ്കാളികളായ എല്ലാവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

**മോഹനൻ.എം.എം**
**പി.ടി.എ.പ്രസിഡണ്ട്,ജി.എച്ച്.എസ്.എസ്.വരവൂർ**

## സന്ദേശം

നൂതന സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടത്തിൽ വായനയിലും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ ഡിജിറ്റൽ യുഗത്തിൽ എന്തുകൊണ്ടും അനുയോജ്യമാണ് ഇത്തരം സംരംഭങ്ങൾ. നമ്മുടെ സ്ക്കൂളിന്റെ ഈ ഡിജിറ്റൽ മാഗസ്സിന് എല്ലാവിധ ആശംസകളും നേരുന്നു.

**ശ്യാം**
**പ്രിൻസിപ്പാൾ**
**ജി.എച്ച്.എസ്.എസ്.വരവൂർ**

## സന്ദേശം

വരും കാലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ  കഴിവുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ കുട്ടികളുടെ ഐ.ടി  കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വരവൂർ ഗവൺമെൻ്റ ഹൈസ്ക്കൂളിലും പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ സ്ക്കൂളിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ ഒരു ഇ-മാഗസിൻ നിർമ്മിച്ചിരിക്കുന്നു . കുട്ടികളുടെ ചെറുതെങ്കിലും മനോഹരമായ ഈ ഉൽപ്പന്നം സന്തോഷവും അഭിമാനവും ഉളവാക്കുന്നു.ഇ-മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങളെയും മറ്റു കുട്ടികളെയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഐ.ടിയിലുള്ള താൽപര്യവും കഴിവും വർധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് .

**രതി.വി.ബി**
**ഹെഡ്മിസ്ട്രസ്സ്**
**ജി.എച്ച്.എസ്.എസ്.വരവൂർ**






# അമ്മേ ജനനീ...........

നീതന്നപാലിനമപ്പുറം മറ്റൊന്നുംഇല്ലെനിക്കമൃതമായ്
ഇന്നു പാരിൽ നീതന്ന ജീവനുമപ്പുറം
മറ്റൊന്നും നേടാനുമില്ലെനിക്കിന്നു പാരിൽ
നീ തന്നെ ദൈവവും
നീ തന്നെ കരുണയും
നീ തന്നെ ദാസ്യയും ഇന്നു പാരിൽ
ഇനിയേഴു ജന്മവും നീ തന്നെ വരണമെൻ
അമ്മയായ് എൻ കൂടെ എന്നും പാരിൽ
നന്നീപറഞ്ഞിടാനാകാത്ത ചെയ്തികൾ എങ്ങനെ
വീട്ടിടും ഈകടങ്ങൾ
എങ്കിലും പറയുന്നൊരായിരം നന്ദികൾ
എന്നുമെൻ അമ്മക്കായ് ഈ ഹൃദയം ...

ഐശ്വര്യ.എ







# കലയുടെ മാഹാത്മ്യം

ഒരിടത്ത് ഒരു രാജാവും രാജ്ഞിയും ഉണ്ടായിരുന്നു.അവർക്ക് മൂന്ന് പുത്രന്മാരും ഒരുപുത്രിയുമാണ് ഉണ്ടായിരുന്നത് .അങ്ങനെ ഒരു ദിവസം രാജവിന്റെ നിർദ്ദേശ പ്രകാരം അവർ മൂന്ന് പേരും ആയോധനകലകളിൽ പഠനം ആരംഭിച്ചു .എന്നാൽ അവർക്ക് ഇതിൽ താൽപര്യം ഉണ്ടായിരുന്നില്ല.ജ്യേഷ്ഠന്മാർ ആയോധനകലകൾ പഠിക്കുന്നത് കണ്ട് കുമാരിക്കും ആയോധനകലകൾ പഠിക്കാൻ ആഗ്രഹം തോന്നി. തന്റെ ആഗ്രഹം കുമാരി രാജാവിനെ അറിയിച്ചു.

രാജാവ് സന്തോഷ പൂർവ്വം കുമാരിയേയും ആയേധനകലകൾ പഠിക്കാനയച്ചു.കുമാരി അധികം വൈകാതെ ആയോധനകലകളിൽ പ്രാഗൽഭ്യം നേടി. ഒരിക്കൽ കൊട്ടാരത്തിൽ നൃത്തം ചെയാൻ രണ്ട് പേർ വന്നു. അവരുടെ രാജകുമാരിക്ക് നൃത്തം പഠിക്കാനൊരു മോഹം അങ്ങനെ കുമാരി നൃത്തവും സംഗീതവും ആസ്വദിച്ചു. നാളുകൾ കടന്നു പോയി.രാാജകുമാരിക്ക് കല്ല്യാണ പ്രായമായി. അപ്പോഴാണ് അയൽ രാജ്യത്ത് നിന്ന് വ്യത്യസ്തമായൊരു അറിയിപ്പ് വന്നത്. ഇതറിഞ്ഞ രാജകുമാരി അയൽ രാജ്യത്തേക്ക് പുറപ്പെട്ടു. നിറഞ്ഞ സദസ്സിൽ ആയോധകലയും സംഗീതത്തിലും നൃത്തത്തിലും ഉള്ള തന്റെ പ്രാഗൽഭ്യം തെളിയിച്ചു. അങ്ങനെ രാജകുമാരിക്ക് രാജകുമാരനുമായുള്ള വിവാഹം നടന്നു.

ഷിഫാന





# ഞാൻ നടന്ന വഴികൾ.....

ഞാനും നീയും ഭേദമില്ല നമ്മളെന്നും കൂട്ടുകാർ
ഏകനായിട്ടാരുമില്ല ഞങ്ങൾ കൂട്ടുവന്നിടും
ചുവന്ന രക്തമുള്ളവർ നാം ഒറ്റ ഹൃദയങ്ങൾ
കണ്ണിലും കരത്തിലും കരുത്തുമായി ജനിച്ചവർ
കല്ലുകളിൽകൊത്തിവച്ചദുർവ്യവസ്ഥയൊക്കെയും
കർമ്മംകൊണ്ടുമായ്ച്ചിടുന്നപ്രാപ്തൻനമ്മൾ
കാലുകൾ കഴച്ചിടാതെ.....
നെഞ്ചകം മടുത്തിടാതെ.......

താണ്ടിടുന്നവീഥിയൊക്കെ
നന്മകൊണ്ടു നിറക്കണം.....
ജാതിവർഗ്ഗഭേദമെല്ലാംമനുഷ്യന്റെസൃഷ്ടിയും
സ്നേഹമാണ്ദൈവമെന്നതിനുമെന്നുംസത്യവും

തലകുനിക്കുകില്ലാനാൾവഴികളിലൊന്നിലും
തമ്മിൽതമ്മിൽകൈകൾകോർത്ത്
**ദൂരെമേറെപോകണം......ജയത്തിനായി ജാതമായ ജന്മമാണീ....ജീവിതം....**

കീർത്തന കെ.കെ





# നവകേരളം

നൂറ്റാണ്ടുകൾ കണ്ടതിൽ വച്ച് ഏറ്റവും വലിയ പ്രളയത്തെയാണ് നമ്മൾ കേരളീയർ നേരിട്ടത്.സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വിവേചനങ്ങളില്ലാതെ മഹാപ്രളയത്തെ നമ്മൾ അതിജീവിച്ചു. ഇനി അതിജീവനത്തിന്റെ പാതയിലാണ്.പ്രളയത്തിനു ശേഷമുള്ള പുതിയ പുൽനാംബുകൾ മുളച്ചുതുടങ്ങിയിരിക്കുന്നു. മുൻബുണ്ടായിരുന്ന അതേ പ്രൗഢിയും വൈവിധ്യ വിഭവസംബത്തുകൾ നിറഞ്ഞ കേരളത്തെ കെട്ടിപ്പടുക്കേണ്ടതുണ്ട് .അതിനായി നാം ഓരോരുത്തരും കൈകോർക്കണം.

ദുരന്തങ്ങൾ ,പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവ ഇനിയും ഉണ്ടാകാം. ആദ്യം അതിനുവേണ്ട മുൻകരുതലാണ് എടുക്കേണ്ടത്.ഭരണകക്ഷികളും ജനപ്രധിനിതികളും ജനങ്ങൾക്കാവശ്യമായ തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തണം. ദുരന്തത്തെ നേരിടുന്നതിനു പകരം അത് ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കണം. തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നവകേരളം പുന:സ്ഥാപിക്കാൻ വേണ്ടി ചെയ്യേണ്ടതുണ്ട്. ആർദ്രം,ലൈഫ് തുടങ്ങിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അത്യാധുനിക സംവിധാനങ്ങളുള്ള കേരളമാണ് ഇനി പടുക്കേണ്ടത്.ഓരോ ജനങ്ങളിലും നവകേരളം സൃഷ്ടിക്കുന്നതിനുള്ള ആത്മബോധം ഉയർത്തണം.കൃഷിക്കും ജലസേചനത്തിനും മുൻകരുതലുകൾ എടുക്കണം.തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നമുക്ക് ചെയ്യാനാകും.

**അഞ്ജുന.കെ.എസ്**





# ***The SOWER***

***sitting in a porchway cool***
***fades the ruddy sunlight fast***
***Twilight hastens on to rule***
***Working hours are well nigh past***
***shadows shoot across the lands***
***But one sower lingers still***
***old in rags he patient stands***
***looking on I feel thrill***
***Black and high is silhouette***
***dominates the furrows deep***
***now to sow the task is set***
***soon shall come time to reap***
***marches he along the plain***
***to and fro and scatters wide***
***from his hands the precious grain***
***moody into see him stride***

(victor mari hugo)







## കഥകൾ ഓർമ്മകളായി മാറുന്നു

അച്ഛനും അമ്മയും മൂന്ന് മക്കളും ഇണക്കങ്ങളും എല്ലാം ഒത്തു ചേരുന്ന ഒരു കൊച്ചു കുടുംബം. എല്ലാം കൊണ്ടും ആ കുടുംബത്തിൻെറ സന്തോഷം അതികകാലം നീണ്ടു നിന്നില്ല. വിധി അവർക്കിടയിൽ ഒരു തീരാനഷ്ടം ഉണ്ടാക്കി. സ്നേഹനിധിയായ ആ കുടുംബത്തിൻെറ അടിത്തറയായ അവരുടെ അച്ഛൻെറ മരണം. ആ കുടുംബത്തെ തളർത്തി കളഞ്ഞു. ദൈവത്തിന് പോലും അസൂയ തോന്നി പോകുന്നതായിരുന്നു അവരുടെ കുടുംബം. അതുകൊണ്ടു തന്നെ സന്തോഷം അതികകാലം ഒന്നും നീണ്ടു നിൽക്കാൻ ദൈവം അനുവധിച്ചില്ല. പിന്നീട് ആ കുടുംബം ഇതുപോലെ സന്തോഷിച്ചിട്ടില്ല അവർക്ക് അതിന് കഴിഞ്ഞിരുന്നില്ല എന്നതാണ് സത്യം. എവിടെ നോക്കിയാലും ആ മക്കൾക്കും അമ്മയ്ക്കും ആ അച്ഛൻെറ ഓർമ്മയാണ്. ഇതുപോലത്തെ ഒരവസ്ഥ ആർക്കും വരാതിരിക്കട്ടെ.
നമ്മുടെ എല്ലാ കുടുംബങ്ങൾക്കും വേണ്ടി ഈ കഥ സമർപ്പിക്കുന്നു

ഫർഹാന.വി.യു

## വേട്ടക്കാരൻെറ ശിവഭക്തി

ഒരു ശിവരാത്രി ദിവസം. ഒരു വേട്ടക്കാരൻ കാട്ടിലൂടെ നടന്നു വരുകയായിരുന്നു.അയാൾ ഇന്ന് ഒരുപാട് പക്ഷികളെ വേട്ടയാടിയിരുന്നു. പെട്ടെന്ന് അയാളുടെ മുൻബിലേക്ക് ഒരു പുലി വന്നു. അയാൾ പേടിച്ച് ഒരു കൂവള മരത്തിൽ കയറി. പുലി താഴെ ഉണ്ടായിരുന്നു. മരത്തിലിരുന്ന് ഉറങ്ങി പോകുമോ എന്ന് ഭയന്ന് അയാൾ ഒരു കൂവളത്തിൻെറ ഇല പൊട്ടിച്ച് താഴോട്ട് ഇട്ടുകൊണ്ടിരുന്നു. താഴെ ഒരു ശിവലിംഗം ഉണ്ടായിരുന്നത് വേട്ടക്കാരൻ





അറിഞ്ഞിരുന്നില്ല. നിർത്താതെയുള്ള കൂവളത്തിന്റെ ഇല വീണതോടെ ശിവഭഗവാൻ പ്രത്യക്ഷനായി. പുലിയിൽ നിന്നും അയാളെ രക്ഷിച്ചു. ശിവഭഗവാൻ

പറഞ്ഞു, ശിവരാത്രി ദിവസം പൂജിച്ചതിനാൽ നിന്റെ ശാപമെല്ലാം പോയി.അന്ന് മുതൽ വേട്ടക്കാരൻ ശിവഭക്തനായി മാറി.

ഫാത്തിമ സഫ്വാന

# കഥകളി



- **നാട്യങ്ങളും സംഗീതം ,സാഹിത്യം എന്നിവയും ഒത്തു ചേർന്ന ഉത്കൃഷ്ട കലാരൂപമാണ് ഇത്. കേരളത്തിൽ രാജ്യാന്തര അംഗീകാരം നേടിക്കൊടുത്ത കലാരൂപമാണ് കഥകളി. നൃത്ത കൊട്ടാരക്കര തംബുരാൻ രൂപം കൊടുത്ത രാമ നാട്ടത്തിന്റെ പരികൃത രൂപമാണ് കഥകളി എന്ന് വിശ്വസിക്കുന്നു. രാമനാട്ടത്തെ പരിഷ്കരിച്ച് അഭിനയ പ്രാധാന്യമുള്ളതാക്കി മാറ്റിയത് വെട്ടത്ത് രാജാവാണ്. ഈ മാറ്റത്തിന് ആണ് വെട്ടത്ത് സമ്പ്രദായം എന്ന് പറയുന്നത്. വീണ്ടുമൊരു പരിഷ്കാരം വരുത്തിയത് കപ്ലിങ്ങാട്ട് നമ്പൂതിരിയാണ്.**
- **അരങ്ങ്കേളി--അരങ്ങിൽ വിളക്ക് കത്തിച്ച് വച്ച് നടത്തുന്ന ഈ ചടങ്ങ് കേളിക്കൈ എന്നും കപ്ളിങ്ങാട്ട് സമ്പ്രദായം എന്നറിയപ്പെടുന്നു.**

## കഥകളിയുടെ ചടങ്ങുകൾ

**കേളികൊട്ട് --കഥകളിയുണ്ടെന്ന് നാട്ടുകാരെ അറിയിക്കുന്ന ചടങ്ങാണിത്. ചെണ്ട,മദ്ദളം, ചേങ്ങില,ഇലത്താളം എന്നിവ ഉപയോഗിച്ചുള്ള വാദ്യമേളമാണിത്**



ആരവം

**തോടയം--തിരശ്ശീലയുടെ പിന്നിൽനിന്ന്കൊണ്ട് രണ്ട് കുട്ടിവേഷക്കാർ നടത്തുന്ന ഇഷ്ടദേവതാ വന്ദനമാണിത്.**

**വന്ദനശ്ളോകം--തോടയത്തിനു ശേഷം പാട്ടുകാർ ഇഷ്ട ദേവതാസ്തുതി പരമായ വന്ദനശ്ളോകങ്ങൾ ആലപിക്കുന്നു.**

**മേളപദം--കഥ തുടങ്ങുന്നതിനു മുമ്പ് അഷ്ടപതി ഗീതമായ മഞ്ജുതം കുഞ്ജലത പാടുന്ന ചടങ്ങാണിത്.**

**പുറപ്പാട്--വന്ദന ശ്ളോകത്തിന് പിന്നാലെ കഥാരംഭത്തിലുള്ള ശ്ളോകം പാടുമ്പോൾ നായികാ-നായകൻമാരുടെ പുറപ്പാടായി.**

**കഥാഭിനയം--പ്രധാന വേഷക്കാർ അരങ്ങിലെത്തി കഥ തുടങ്ങുന്നു**

## കഥകളി വേഷങ്ങൾ

**പച്ച വേഷം**
**കത്തി വേഷം**
**താടി വേഷം**
**മിനുക്ക് വേഷം**
**കരിവേഷം**

**കഥകളി വാദ്യങ്ങൾ-- ചെണ്ട, മദ്ദളം, ചേനില,ഇലത്താളം**

## പേമഴ

ചിന്നി തെറിക്കും മുത്തു മഴ
പുഞ്ചിരി നൽകും മുത്തു മഴ
സന്തോഷത്തിൻ ചാറ്റൽ മഴ
പെരുമഴ ചിരിമഴ മധുരമഴ
തുള്ളിചാടും മുത്തുമഴ
പേമഴ പെരുമഴ മധുരമഴ
പെരുമഴ ചിരിമഴ മധുരമഴ
ചിന്നി തെറിക്കും മുത്തുമഴ







സന്തോഷം പെയ്യും ചാറ്റൽമഴ

പൂമഴ പെരുമഴ മധുരമഴ
പൂന്തോട്ടത്തിൽ ചാറ്റൽമഴ
പേമഴ പെരുമഴ മധുരമഴ
സന്തോഷത്തിൽ മുത്തുമഴ
സങ്കടത്തിൽ ദുഃഖമഴ
പേമഴ പെരുമഴ മധുരമഴ

## കുഞ്ഞാറ്റ കിളി

കുട്ടുകുടാനായെൻ



ആരവം

കൂട്ട തേടിയണഞ്ഞൊരു

കുഞ്ഞാറ്റ കിളി...



കാറ്റിനോട്ട കഥ മെനഞ്ഞും

കടലിനോട്ട കളി പറഞ്ഞും

കാടായ കാടെല്ലാം,മേടായ മേടെല്ലാം

കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി

കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും

കിളികുട്ടിലെന്ന

കുളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാമെൻെറ

കരളിൻെറ കരളായ

കളികൂട്ടുക്കാരൻ...

അതുൽ

# ഇന്റർനെറ്റിന്റെ ചരിത്രം

അമേരിക്കൻ പ്രതിരോധവകുപ്പിലെ അഡ്വാൻസ്ഡ് റിസർച്ച് പ്രോജക്ട് ഏജൻസി 1969 ജനവരി 2 ന് നാലു കേന്ദ്രങ്ങളിലുള്ള കംപ്യൂട്ടറുകളെ ബന്ധിപ്പിച്ചുകൊണ്ട് വിവരവിനിമയത്തിനായി ആർപ്പാനെറ്റ് (advanced research projects ajency net work-ARPANET)എന്ന കപ്യൂട്ടർ ശൃംഖലയ്ക്ക് രൂപം നൽകി.ഇതാണ് ഇന്റർനെറ്റിന്റെ തുടക്കം.







## WiFi And Bluetooth

wifi and Bluetooth are technologies used for exchanging information between gadgets. Radio waves of different wavelengths are used for these purposes. Protocol standards, wavelengths, speed and range are different in these two technologies. WiFi is the short form of the Wireless Fidelity.

An advantage of bluetooth is that it uses only less power as it is operated only within a very limited range.

### Local Area Network

LAN is a system that interconnects computers inside a room or a building. The computer network in your school is an example for this.

### Wide Area Network

You must have heard about the computer network of railways and banks. They are spread over the entire country. Such wide networks are WANs.

## കടംകഥകൾ

മഴയെത്തും വെയിലത്തും ആശ്വാസദായകൻ കുറുംബൻ എട്ടെല്ലൻ കുട്ടപ്പൻ ?

ഉ. കുട

പേനയിൽ ഒഴിക്കാൻ പറ്റാത്ത മഷി ?

ഉ. കൺമഷി

ആന വന്നാലും എടുത്തുമാറ്റാൻ പറ്റാത്ത വട്ടചെംബ്?

ഉ.കിണർ

മുട്ടിനു മുട്ടിനുവളയിട്ടുള്ള ഒരു പച്ച സുന്ദരി മാത്രം നോക്കി നിൽക്കുന്നു ?

ഉ. മുള

കഴുകാൻ പറ്റാത്ത പാത്രം ?

ഉ. കഥാപാത്രം





വെച്ചടിവെച്ചടി കയറ്റം കിട്ടുന്ന ജോലി?

ഉ .തെങ്ങുകയറ്റം

എന്താണ് ചപ്പാത്തിയും ചിക്കൻഗുനിയയും തമ്മിലുള്ള വ്യത്യാസം ?

ഉ.ചപ്പാത്തി നമ്മൾ പരത്തുന്നു . ചിക്കൻഗുനിയ കൊതുകാണ് പരത്തുന്നത്.

ഫാത്തിമത്തുൽ സുഹാന 10 c







# സൽപ്പേര്

കാരുണ്യനാഥനെന്ന വ്യാപാരിയുടെ ഒരേയൊരു മകനായിരുന്നു ചാരുദത്തൻ. ഏറെ ലാളിച്ചാണ് മകനെ കാരുണ്യനാഥൻ വളർത്തിയത്. പക്ഷേ ചെറുപ്പം മുതൽക്കേ ചാരുദത്തന് പണത്തിനോട് വല്ലാത്ത ആർത്തിയായിരുന്നു. തൻെറ ആവശ്യത്തിന് വേണ്ടുന്ന പണം കിട്ടാതായപ്പോൾ അവൻ പിതാവറിയാതെ കടയിൽ നിന്ന് മോഷ്ടിക്കുവാൻ തുടങ്ങി.

തൻെറ കടയിൽ നിന്നും പണം കളവ് പോകുന്നതായി മനസ്സിലാക്കിയ കാരുണ്യനാഥൻ അതേക്കുറിച്ച് രഹസ്യമായി അന്വേഷണം തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം താൻ പുറത്തേക്കിറങ്ങിയ തക്കം നോക്കി ചാരുദത്തൻ കടയിൽ കയറുന്നതും പണപ്പെട്ടിയിൽ നിന്നും പണം മോഷ്ടിക്കുന്നതും കാരുണ്യനാഥൻ മറഞ്ഞുനിന്നു കണ്ടു. അയാൾ മകനെ കയ്യോടെപിടികൂടി. തൻെറ കള്ളി വെളിച്ചത്തായപ്പോൾ ചാരുദത്തൻ പിതാവിൻെറ മുന്നിൽ തലകുനിച്ചു നിന്നു.

കാരുണ്യനാഥൻ ഉടൻ തന്നെ ഒരു പാത്രത്തിൽ നിന്നും കുറച്ചുകടുകുമണികളെത്രയും താഴെക്കെറിഞ്ഞു. തുടർന്നു ചാരുദത്തനോടായി അദ്ദേഹം ഇങ്ങനെ പറഞ്ഞു,"മകനേ, താഴെ വീണ കടുകുമണികൾ നീ പെറുക്കിയെടുക്കുക". അച്ഛൻ പറഞ്ഞതുപോലെ മകൻ തറയിൽ നിന്നും കടുകുമണികൾ പെറുക്കാൻ തുടങ്ങി. പക്ഷേ വളരേ നേരം പരിശ്രമിച്ചിട്ടും അവന് രണ്ടു മൂന്നു കടുകുമണികളെ കിട്ടിയുള്ളൂ. അവൻ വിഷമത്തോടെ പിതാവിനെ നോക്കി.

കാരുണ്യനാഥൻ ഉടനെ മകനെ പിടിച്ചെഴുന്നേൽപ്പിച്ചിട്ടു പറഞ്ഞു,"ചാരുദത്താ, ഇതുപ്പോലെയാണ് സൽപ്പേരും. ഒരിക്കൽ നഷ്ടപ്പെട്ടുകഴിഞ്ഞാൽ അതു വീണ്ടെടുക്കുവാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് സൽപ്പേര് നഷ്ടപ്പെടുത്താതിരിക്കുക." ചാരുദത്തന് തൻെറ തെറ്റ് മനസ്സിലായി. അവൻ പിതാവിനോട് ക്ഷമ ചോദിച്ചു. തുടർന്നുള്ള കാലം താൻ വളരെ നല്ലവനായി ജീവിക്കുമെന്ന് അവിടെ വെച്ച് അവൻ പ്രതിജ്ഞയെടുത്തു.





നിരഞ്ജന

# സൗഹൃദം

ഫ്രണ്ട്സ്, സുഹൃത്ത്, സഖി എന്നിങ്ങനെ എത്രയോ വാക്കുകൾ കൊണ്ടാണ് നാം സൗഹൃദത്തെ വിവരിക്കുന്നത്. സുഹൃത്ത് നമ്മെ അച്ഛനെ പോലെ വഴക്കുപറയും അമ്മയെ പോലെ ലാളിക്കും സഹോദരനെ പോലെ കളിയാക്കും സഹോദരിയെ പോലെ കൂടെ നിൽക്കും. ഏതൊരു ആപത്തിലും നമ്മുടെ കൂടെ എന്തിനും ഏതിനും കൂടെ നിൽക്കുന്നവരാണ് സുഹൃത്തുക്കൾ.

നല്ല സുഹൃത്ത് നമ്മുടെ ജീവിതത്തിൽ വഴികാട്ടിയാകുന്നു. ഇന്നത്തെസമൂഹത്തിൽ സുഹൃത്തുക്കളുടെ പങ്ക് ഏറി വരുകയാണ്. സന്തോഷത്തിൽ മാത്രം നമ്മുടെ കൂടെ നിൽക്കുന്നവരല്ല. ഒരു യഥാർത്ഥ സുഹൃത്ത് സങ്കടത്തിലും നമ്മെ തോളോട് ചേർത്ത് നിർത്തുന്നവരാണ് ഒരു യഥാർത്ഥ സുഹൃത്ത്.ഇന്ന് നമ്മിൽ പലരും ഏറെ സമയവും സുഹൃത്തുക്കളുമായി പങ്കിടുവാൻ ആഗ്രഹിക്കുന്നു.

സുഹൃത്തുക്കൾ ജീവിതത്തിലെ ഏറ്റവും വലിയ നിധിയാണ്, അവരെ ഒരിക്കലും തള്ളിക്കളയരുത്.

സമീഷ സുറുമി.ഇ.എസ്

# Nelly Furtado

***Nelly furtado ;nelly kim furdo is a canadian singer and song writer born to portuguese parents on december 2'1978. she emerged as an international singer with her first album it self who a nelly [in2000] produced with the help of singer geraldeaton and musician brain west . Her other major are folklor [2003] loose [2006] miplan [2009] the spirit indestoctible [2012] and the bill boards [2001] grammi [2002] and juno [2007]***

***SHIFANA***





# സ്കൂളിലെ വിവിധ പരിപാടികളുടെ ദൃശ്യങ്ങൾ










ആരവം
















പാസ്‌വേഡ് 2019-20









## ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്/മിസ്ട്രസ്സ്

**മൊയ്തീൻകുട്ടി.പി.** HST

**ഉഷാദേവി.എം** HST

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ (2019-21)

അഫ്സൽ കെ.എ - 9 എ

റിസാൽ പി.വൈ - 9 എ

മുഹമ്മദ് ഷിഹാബ് - 9 എ

റിസാന സി.കെ - 9 എ

ഹഫീസ നസ്റിൻ കെ.എ - 9 എ

ഹിബ നസ്റിൻ കെ.എ - 9 എ

ജുമാന ഷെറിൻ സി.എസ് - 9 എ

ഫാത്തിമ്മ സഫ്വാന എൻ.എസ് - 9 എ

അഭിനവ് എൻ.ആർ – 9 ബി

ജിഷ്ണു എം.വി -9 ബി

ആൻസി എം.വി -9 ബി

ഐശ്വര്യ .എ -9 ബി

ആര്യ കൃഷ്ണ .ആർ -9 ബി

ചിത്ര .കെ -9 ബി

ദൃശ്യ ഇ .ഡി -9 ബി

ഗായത്രി സി .എസ് -9 ബി

മീനാക്ഷി കെ. ആർ -9 ബി

നീതു എം.പി - 9 ബി

സജിത ദാസ് വി.ഡി - 9 ബി

അഭിനവ് ദാസ് പി.ആർ - 9 സി

അഖില എം.എസ് -9 സി

അനഘ എം.എസ് -9 സി

ഫിദ നസ്റിൻ - 9 സി

നഹല നസ്റിൻ -9 സി

നൈഷാന -9 സി

കീർത്തന -9 സി

ഗായത്രി -9 സി

അതുൽ കൃഷ്ണ കെ.എസ് -9 ഡി

അഫ്സൽ എൻ.വി -9 ഡി

സനീഷ ടി.യു -9 ഡി

ജീനിഷ എം.യു -9 ഡി

നിഷാദ് എം.എഫ് - 9 ഇ

റിൻഷാദ് എം.എഫ് -9 എഫ്

മുഹമ്മദ് റിസ്വാൻ ടി. -9 എഫ്

അസ്ലം കെ.കെ -9 എഫ്

നിഖില എം.വി -9 എഫ്

അനഘ എം.ആർ -9 എഫ്

പവൻജിത്ത് എം -9 എഫ്







## നന്ദി .......

ഈ ഡിജിറ്റൽ മാഗസ്സിന് സൃഷ്ടികൾ തന്നും, ആശംസകൾ നേർന്നും സഹായിച്ച എല്ലാ വ്യക്തികൾക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി.

ലിറ്റിൽ കൈറ്റ്സ് ടീം
**ജി.എച്ച്.എസ്.എസ്.വരവൂർ**



ആരവം